# ACADEMIC MASTER PLAN

# 2025-26



# VALIACODE A.U.P. SCHOOL

# ആമുഖം

നൊച്ചാട് പഞ്ചായത്തിലെ വാല്യക്കോട് എന്ന ഗ്രാമത്തിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. പറയത്തക്ക ഐതിഹ്യങ്ങളൊന്നും തന്നെ വാല്യക്കോടിനെപ്പറ്റി പറഞ്ഞു കേട്ടിട്ടില്ല. ചേർമല കുന്നിന്റെ താഴ്‌വാരത്തിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തെ പാലക്കാപ്പ് എന്ന നീർത്തടവും, കടന്നുപോവുന്ന കനാലും വിദ്യാലയത്തിന്റെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിൽ പ്രധാന പങ്ക്. വഹിക്കുന്നു. പതിനായിരക്കണക്കിനു ഗ്രന്ഥശേഖരമുള്ള പൊതുജനവായനശാല സ്കൂളിനു സമീപത്തായി സ്ഥിതിചെയ്യുന്നത് വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും മുതൽക്കൂട്ടാണ്. കാർഷിക പാരമ്പര്യവും സംസ്കാരവും ഉൾച്ചേർന്ന ഒരു ഗ്രാമമാണിത്.

# അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിന്റെ പേര് : എ. യു. പി. സ്കൂൾ വാല്ല്യക്കോട്
2. വിലാസം : കൽപത്തൂർ (PO) മേപ്പയ്യൂർ 673524 (PIN)
3. ഫോൺ : 0496-2610480
4. സ്കൂൾ കോഡ് : 47664
5. വിദ്യാഭ്യാസ ജില്ല : താമരശ്ശേരി
6. വിദ്യാഭ്യാസ ഉപജില്ല : പേരാമ്പ്ര
7. റവന്യൂ ജില്ല : കോഴിക്കോട്
8. ബി. ആർ. സി : പേരാമ്പ്ര
9. സി. ആർ. സി : പുറ്റാട്
10. പഞ്ചായത്ത് : നൊച്ചാട്
11. ബ്ലോക്ക് : പേരാമ്പ്ര
12. ജില്ല : കോഴിക്കോട്
13. നിയമസഭാ മണ്ഡലം : പേരാമ്പ്ര
14. ലോകസഭാ മണ്ഡലം : വടകര
15. താലൂക്ക് : കൊയിലാണ്ടി
16. വില്ലേജ് : നൊച്ചാട്
17. ഇ. മെയിൽ : vaup.school.1925@gmail.com

# വിദ്യാലയ ചരിത്രം

1925 ലാണ് വാല്യക്കോട് ഹിന്ദു എലിമെന്ററി സ്കൂൾ എന്ന പേരിൽ വാല്യക്കോട് എന്ന പ്രദേശത്ത് ഒരു വിദ്യാലയം അനുവദിച്ച് കിട്ടുന്നത്. അന്നത്തെ രേഖകൾപ്രകാരം വാല്യക്കോട്ടുള്ള ഒരു വീടിന്റെ വരാന്തയിൽ ആദ്യകാലത്ത് പ്രവർത്തനം തുടങ്ങുകയും പിന്നീട് സ്കൂളിന് സ്വന്തമായി സ്ഥലം വാങ്ങുകയും കെട്ടിടം നിർമ്മിക്കുകയുമാണ് ചെയ്തത്. സഹോദരന്മാരായ ശ്രീ എം.എം. ഗോവിന്ദൻ നമ്പീശൻ സ്ഥാപക മാനേജരും, ശ്രീ കുഞ്ഞിരാമൻ നമ്പീശൻ ആദ്യത്തെ ഹെഡ്മാസ്റ്ററും ആയിരുന്നു. 1957-ൽ വാല്യക്കോട് എ.എൽ.പി. സ്കൂൾ എന്നാക്കി മാറ്റി. 1962-ൽ അഞ്ചാം ക്ലാസ് എടുത്തുകളഞ്ഞതോടെ 1 മുതൽ 4 വരെയുള്ള എൽ.പി. സ്കൂളായി പ്രവർത്തിച്ചു. 1983-84 ൽ വാല്യക്കോട് വാല്യക്കോട് എ.യു.പി സ്കൂളായി അപ്ഗ്രേഡ് ചെയ്തു. ഇപ്പോൾ 22 ഡിവിഷനിലായി 53 വിദ്യാർത്ഥികളും 30 അധ്യാപകരും ഉൾ പൂർണം അടങ്ങിയ വിദ്യാലയം പാഠ്യ പാഠ്യേതര വിഷയങ്ങളിൽ മികച്ച നിലവാരം പുലർത്തി വരുന്നു. ഇതിനൊക്കെ ആധാരമായ സഹകരണവും ഉൽക്കുശലരുമായ ഒരു പി.ടി.എ.യും മാനേജ്മെന്റും

## അക്കാദമിക് നേട്ടങ്ങൾ

എൽ.എസ്.എസ്, യു.എസ്.എസ്, സംസ്കൃതം സ്കോളർഷിപ്പ്, ഉറുദു ടാലന്റ് ടെസ്റ്റ് തുടങ്ങിയ പരീക്ഷകളിലും ഭാഷ - ഗണിത ശാസ്ത്ര - സാമൂഹ്യശാസ്ത്ര - ശാസ്ത്രവിഷയങ്ങളിൽ സബ്ജില്ലാതലത്തിലും സ്ഥാപനങ്ങളും സംഘടനകളും നടത്തുന്നവയിലും ക്വിസ്, ഉപന്യാസം, പ്രസംഗം തുടങ്ങിയവയിലെല്ലാം തന്നെ നമ്മുടെ കുട്ടികൾ ഉന്നത നിലവാരം പുലർത്തുന്നവരാണ്. മേളകളിൽ വർഷങ്ങളായി ഓവറോൾ ചാമ്പ്യൻഷിപ്പ്, സംസ്കൃതോത്സവം. ശാസ്ത്ര- ഗണിത ശാസ്ത്ര - സാമൂഹ്യശാസ്ത്ര - പ്രവൃത്തി പരിചയ മേളകളിൽ റണ്ണേഴ്സ് അപ്പ് തുടങ്ങിയവ നമ്മുടെ സ്കൂൾ നേടിയെടുക്കുന്നതാണ്.

ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി ഇംഗ്ലീഷ്, മലയാളം വിഷയങ്ങളിൽ മാനേജ്മെന്റിന്റെ സഹായത്തോടെ വിദഗ്ധരായ അധ്യാപകരുടെ സേവനം ലഭ്യമാക്കുന്നു. എല്ലാ ക്ലാസിലും സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്, പിന്നോക്കക്കാർക്ക് വേണ്ടി 'ഒപ്പം' പദ്ധതി, q master quiz, മലയാള പത്രക്വിസ്, വിജ്ഞാനവീഥി, mid term exam തുടങ്ങിയവ സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി കൃത്യമായി നടത്തിവരുന്നു. എൽ.എസ്.എസ് - യു.എസ്.എസ്

സ്കോളർഷിപ്പ് വിജയശതമാനം വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ചിട്ടയോടെ നടന്നുവരുന്നു. ഉജ്ജ്വല നേട്ടങ്ങൾ കൈവരിക്കാനായി പി.ടി.എ, എം.പി.ടി.എ, മാനേജ്മെന്റ് എന്നിവർ മുഖ്യപങ്കുവഹിക്കുന്നു.

## അക്കാദമിക പരിമിതികൾ

1. കലാകായികാധ്യാപകരുടെ സേവനം ലഭ്യമാക്കണം
2. കളിസ്ഥലം, മികച്ച സ്പോർട്സ് കിറ്റ് ഇവ ലഭ്യമാക്കണം.
3. ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്തണം.

# പൊതുലക്ഷ്യങ്ങൾ

1. ഉല്പന്നങ്ങളും ഉന്നതങ്ങളും ഉണ്ടാക്കി നൽകാം.
2. സ്കൂൾ പഠനം പൂർത്തിയാക്കുന്ന എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കും.
3. സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിക്കും അവന്റെ കഴിവിനും അഭിരുചിക്കും അനുസരിച്ച് ഒരു തൊഴിലെങ്കിലും സ്വന്തമാക്കുക.
4. കലാകായിക രംഗങ്ങളിൽ ഓരോ കുട്ടിക്കും അഭിരുചിക്കനുസരിച്ച് മികവ് തെളിയിക്കുന്നതിനുള്ള അവസരം ഒരുക്കും.
5. ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന രീതിയിൽ സ്കൂൾ ക്യാമ്പസിനെ മാറ്റിയെടുക്കാം.
6. ഓരോ പ്രായഘട്ടത്തിലും കുട്ടി നേടണമെന്ന് കരിക്കുലം വിഭാവനം ചെയ്യുന്ന അക്കാദമിക നേട്ടങ്ങൾ മികവാർന്ന തലത്തിൽ നേടി എന്നുറപ്പുവരുത്തും.

# LP-SECTION ACADEMIC MASTER PLAN

# 2025-26

# ACADEMIC MASTER PLAN
# CLASS -I

Std I

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി ആവിഷ്കരിക്കുന്നത്. 2024-25 അധ്യയന വർഷത്തിൽ ഒന്നാംതരത്തിലെ മുഴുവൻ കുട്ടികളും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത് വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം ഇടുന്നത്. പുതിയ വർഷത്തിൽ ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവവൈവിധ്യത്തിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നു. പഠന പ്രവർത്തനങ്ങൾ ശിശുസൗഹാർദപരവും കൂടുതൽ ആസ്വാദ്യകരമാക്കാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും ഇതുകൊണ്ട് കഴിയും.

വിഷയം: മലയാളം

ലക്ഷ്യങ്ങൾ: ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുക.

- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക.
- ലളിതമായ വായനാകാർഡുകൾ തയ്യാറാക്കി വായിക്കുക.
- പത്രം തയ്യാറാക്കുക.
- ഓരോ കുട്ടിയും സ്വന്തം ആശയം, ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയുടെയും സർഗ്ഗാത്മക രചനകൾ പുസ്തക-രൂപത്തിൽ പ്രസിദ്ധീകരിക്കുക.
- ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.
- ഓരോ കുട്ടിയുടെയും പഠനത്തെളിവുകളടങ്ങിയ വളരുന്ന അടിസ്ഥാനരേഖ രൂപപ്പെടുത്തുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| വായന | · ചിത്രവായന<br>· വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.<br>· വായനാമൂല ഒരുക്കൽ<br>· പത്രവായന<br>· വായനാകാർഡ് തയ്യാറാക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | | |
| ലേഖനം | · ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു.<br>· സചിത്രബുക്ക്.<br>· സംയുക്ത ഡയറി എഴുത്ത്<br>· ആവർത്തിച്ചു വരുന്ന അക്ഷരം കണ്ടെത്തുന്നു.<br>· 'ആ' അക്ഷരം എഴുതുന്നു.<br>· ആവർത്തിച്ചു വരുന്ന പദങ്ങൾ കണ്ടെത്തുന്നു; എഴുതുന്നു.<br>· സാങ്കൽപിക ഡയറി എഴുതുന്നു.<br>· വരികൾ കൂട്ടിച്ചേർക്കുന്നു.<br>· സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു.<br>· സ്വന്തമായും കൂട്ടായും പത്രം തയ്യാറാക്കുന്നു. | | | |

മേഖല: അക്കാദമികം

ഉപമേഖല: ഗണിതം

ക്ലാസ്: 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1. ഗണിത മാഗസിൻ | ജൂൺ-മാർച്ച് | | |
| | 2. ജ്യാമിതിയ രൂപങ്ങളുടെ നിർമാണം. ഏകദിന ക്യാമ്പ്. | സെപ്തംബർ | ക്ലാസ്-ടീച്ചർ | SSA |
| | 3. ഗണിതപ്രവർത്തനങ്ങൾ - കളിയിലൂടെ. ഗണിത ക്യാമ്പ്. | മാസത്തിൽ ഒരു ദിവസം | SRG ക്ലാസ്ടീച്ചർ | |

# English.

## Aim

→ To Speak, Read and write English without any mistakes.

### June

* To develop listening skills and speaking skills.
* Listening skills ⇒ Games, action song skit and stories use ICT
* speaking skills ⇒ growing sentences picture reading, self introduction.

### July.

* Teacher and parents read books [stories] emotionally sharing the idea of the stories with students.

August

Reading skills => Reading breaking news

* Find words from reading materials
* rhyming words, describing words etc

Text book activities.

September

* Reading cards, reading with help
* childrens independent story telling

october

* writing skills => make word web

November

story telling -> childrens tells the story based on the picture with the help of the teacher and parents. Teacher and parents write the story. childrens read with help.

## December

Make a word web

picture description

## January

Teacher prepared stories and displayed on the chart, childrens read

Reading cards are made with the help of parents.

## February

story telling, Riddles, conversation.

collecting small children's book in the class library. children read with the help of teacher and parents.

വിഷയം : പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ഉപകരണം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പ്രകൃതി നടത്തം സ്കൂളിലെ പൂന്തോട്ട നിരീക്ഷണം | ജൂൺ ജൂലായ് | | |
| | ചുറ്റുപാടുമുള്ള മരങ്ങൾ ചെടികൾ നിരീക്ഷിക്കുന്നു | ആഗസ്റ്റ് | | |
| | പച്ചക്കറികൾ പഴങ്ങൾ തിരിച്ചറിയുന്നു. ഞാറം നിരിക്കുന്നു | ഒക്ടോബർ | | |
| ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | പലഹാരമേള രുചികൾ തിരിച്ചറിയുന്നു. | നവംബർ ഡിസംബർ | | |
| | ഭക്ഷ്യവസ്തുക്കളുടെ തിരിച്ചറിവ്. [വീട്ടിൽ ഉണ്ടാക്കുന്നവ. അങ്ങാടിയി] | ജനുവരി ഫിബ്രവരി മാർച്ച്. | | |

# ACADEMIC MASTER PLAN
# CLASS -II

വാല്യക്കോട് എ.യു.പി സ്കൂളിൽ 2025-26 അധ്യയന വർഷത്തിൽ 35 കുട്ടികൾ രണ്ടാം ക്ലാസ്സിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ വിവിധ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിൽ രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്. പൊതു വിദ്യാഭ്യാസത്തെ മുഖ്യ ധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനികമേഖല, സർഗാത്മകമേഖല, കായികമേഖല എന്നീ മേഖലയിൽ കുട്ടികളെ പരിഗണിച്ചാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം അതാണ് ലക്ഷ്യം.

## വിദ്യാലയത്തിൽ പ്രതിഫലിക്കുന്ന മാറ്റം

* ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമ്പൂർണ്ണവിജയമായി നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വന്തമായി വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘു ബാലസാഹിത്യകൃതികൾ വായിക്കുന്നതിനും അക്ഷരങ്ങളും ആശയങ്ങളും തെറ്റില്ലാതെ എഴുതുന്നതിന് കഴിവ് ഉണ്ടാകുന്നു.
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണവായന ഉറപ്പാക്കുക.
* ക്ലാസിലെ മുഴുവൻ കുട്ടികളും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
* സ്വന്തമായി വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകൾ ഏർപ്പെടാനുള്ള അവസരം ഒരുക്കുക.
* സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് CPTA ശക്തിപ്പെടുത്തും.
* ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* അക്ഷരം, ഈണം/താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.
*

## മുന്നൊരുക്കം

* പ്രീ-ടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിലുമുള്ള കുട്ടികളെയും കണ്ടെത്തുന്നു.
* കുട്ടികളുടെ നിലവിലുള്ള അവസ്ഥ, കുട്ടികളുടെ പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്നോക്ക കുട്ടിക്ക് ലക്ഷ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## ജൂൺ

* ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ
* വായനാ സാമഗ്രികൾ നിർമ്മിക്കൽ
* സംയുക്ത ഡയറി

## ജൂലൈ

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി നവീകരണം
* എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തുന്നു.
* പാട്ടരങ്ങ് - ഈണം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും അവതരണം
* ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ

## ആഗസ്റ്റ്

* റീഡേഴ്സ് തിയേറ്റർ
* യാത്രാ വിവരണങ്ങൾ, കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി തന്നെ ഉൾക്കൊണ്ട് വായിക്കാൻ അവസരം
* രണ്ടാം ക്ലാസിലെ കുട്ടികൾ മികച്ച വായനക്കാരായി മാറുന്നു
* മികച്ച അവതരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു
* ക്ലാസ്തല ലൈബ്രറി
* രക്ഷിതാക്കളുടെ സഹായം ഉറപ്പാക്കുന്നു. [വീട്ടിലെ വായന]

## സെപ്തംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
* വായിച്ച കഥയിൽ സംഭാഷണം ചേർക്കൽ
* പ്രകൃതിനടത്തം, യാത്രാവിവരണം.
* നാട്ടുവിശേഷം - പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിച്ച ആശയം തെറ്റില്ലാതെ ഭാഷയിൽ എഴുതൽ
* പരിസരപഠനത്തിലൂടെ ഭാഷാപഠനം രസകരമാവും

## ഒക്ടോബർ

* ക്ലാസ്തല പതിപ്പ് തയ്യാറാക്കൽ
* ആൽബം തയ്യാറാക്കാൻ അവസരം
* വായന കാർഡുകൾ ഒരുക്കൽ

ഉദാ: ആന
വലിയ ആന. കറുത്ത വലിയ ആന ....

## നവംബർ

* ക്ലാസ് പത്രം
* സ്കൂളിലെ ദൈനംദിന സംഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതൽ
→
→ ഭാഷോത്സവം
* കലോത്സവ വേദികളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

## ഡിസംബർ

* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കൽ
* ഭാഷയുടെ വിവിധതലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

## ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ [കവിതാപൂരണം]
* ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുള്ള അവസരം
* അറിയിപ്പുകൾ, പോസ്റ്ററുകൾ തയ്യാറാക്കാനുള്ള അവസരം

## ഫെബ്രുവരി

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ
[ഭാഷണം, ലേഖനം, എഴുത്ത്]
* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം നൽകൽ
* എല്ലാ തലങ്ങളിലും കുട്ടിയെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ.

## മാർച്ച്

* വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ
* ഓരോ കുട്ടിക്കും ഓരോ പതിപ്പ്
* വീട്ടുവായന, കൂട്ടുവായന, ചിത്രവായന ഇവ പ്രോത്സാഹിപ്പിക്കുക
* ക്ലാസ് ലൈബ്രറി - സ്കൂൾ ലൈബ്രറി ശക്തമാക്കുക

## August and september

Develop the creative speaking and writing

Reading skills

- news paper reading
- find words
- rhyming words
- describing words
- Text book activities

writing skills

- make word web
- picture description with describing wards
- word chain sentence chain
- make words & sentences
- Add more lines

Activities

- speech, riddles, make description

## october and November

To express thoughts feelings etc

Reading skill

- news paper reading, library books reading
- conversation, skit stories use ICT materials

Aim :- To speak Read & write English without any mistakes

Time: June to March

Pretest: To check the vocabulary and writing skills of pupils

## June and July

- To develop listening skills & reading skills

Listening skills

- Games, Action songs . Hello English activites
- conversation, skit stories use ICT

Speaking skills

- Identify the naming words from the picture.
- Identify the action words from the same pictures
- make simple sentence using the action words and naming words about the picture

- Activities

- speech, self introduction

- develop story
- Read notice

writing skills

- description
- notice proclamation
- Thought

## December and January

Develop the creative speaking and writing
- To express thoughts feeling etc

Reading skill

- News paper reading, library books reading
- develop story
- Reads diary
- Reads letters from friends

writing skills

- diary
- letter
- Announcement
- Thought

## February and march

To improve the presention power

Reading skill

- news paper reading, library books reading
- conversation, skit stories use ICT Materials
- Read diary
- develop story

writing skills

- diary
- letter
- Announcement
- description
- Thought

# UP-SECTION ACADEMIC MASTER PLAN

# 2025-26

# ACADEMIC MASTER PLAN
# MALAYALAM

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സ്വയം വിലയിരുത്തൽ |
|---|---|---|---|---|
| 1) ഭാഷയുടെ ചിന്താശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അനുഭവം<br>പഠിതാക്കൾ അവരുടെ അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം<br>ജൂൺ മാസം | മലയാളം അധ്യാപകർ<br>മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | വാക്കുകളിൽ നിന്നും വാക്യങ്ങളിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം.<br>വാർത്താലോകത്തേക്ക്<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉയർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | നവമാധ്യമങ്ങളുടെ സഹായത്താൽ കൃതികളെ കൊണ്ട് ക്ലാസ്സ് തലത്തിൽ വായന നടത്തി നല്ല വായനക്കാരെ കണ്ടെത്തുന്നു. | പ്രതിമാസം | മലയാളം ക്ലബ് | മലയാളം ക്ലബ് |
| | അതാത് മാസത്തെ സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി, പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നു പ്രാവശ്യം | വർഷത്തിൽ മൂന്നുപ്രാവശ്യം | |
| 4) പഠിതാക്കളുടെ പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | പദപ്പയറ്റ്, പോസ്റ്റർ നിർമ്മാണം മലയരങ്ങ്<br>മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചു കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | മലയാളം ക്ലബ്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| 5) സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാൻ അവസരം നൽകുന്നു. | പതിപ്പ് നിർമ്മാണം, വിവിധ കലാരൂപങ്ങൾ ക്ലാസിൽ അവതരിപ്പിക്കൽ, പാഠഭാഗത്തെ സംബന്ധിപ്പിക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട ലഘു നാടകങ്ങൾ | അക്കാദമിക് വർഷം | പി.ടി.എ സ്കൂൾ | പി.ടി.എ |
| 6) പരിസ്ഥിതിയെ കുറിച്ച് അവബോധം വളർത്താനുള്ള പ്രവർത്തനങ്ങൾ അവതരിപ്പിക്കുക. | കുട്ടികളുടെ വീടിനടുത്തുള്ള നല്ല സ്ഥലങ്ങൾ സന്ദർശിച്ച് പ്രകൃതിയെ കുറിച്ച് മനസ്സിലാക്കുന്നു. അനുഭവങ്ങൾ എഴുതുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തീയതി | പ്രതികരണം (?) | [illegible] |
| --- | --- | --- | --- | --- |
| • ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയവിനിമയം നടത്താനും, പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കൽ. | [illegible]<br>[illegible] ഭാഷാനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ. | [illegible] | |
| | ഭാഷാശേഷി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്.<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ. | | |

| | | | |
|---|---|---|---|
| • പത്രത്തിൽ വാർത്ത തയ്യാറാക്കി വായിച്ച് വരുത്തുക. | വാർത്താ ബുള്ളറ്റിൻ<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പരിശോധിച്ച് വായിക്കുകയും പ്രതികരണങ്ങൾ ആർജ്ജിക്കുകയും ഉച്ചാരണശുദ്ധി വരുത്തുകയും ചെയ്യുന്നു.<br>വാർത്താവായന.<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | പ്രതികരണം. | ക്വിസ്. |
| • സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ. | സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരെയുള്ള അഭിമുഖ സംഭാഷണം, സംവാദം സംഘടിപ്പിക്കുന്നു. | പങ്കാളിത്തം പ്രാധാന്യം. | ഹെഡ്മിസ്ട്രസ് മലയാളം അധ്യാപക. |